# എസ്. എൻ. ടി. എച്ച്. എസ്. എസ്

# ഷൊർണൂർ




# ഗുരുവരം

ഒരു ജാതി......

ഒരു മതം......

ഒരു ദൈവം മനുഷ്യന്......



# ഗുരുവരം

## ഞങ്ങളുടെ സാരഥികൾ...............



മാനേജർ

ശ്രീ. വെള്ളാപ്പള്ളി നടേശൻ



വിദ്യാഭ്യാസ സെക്രട്ടറി

ശ്രീ.സുദർശനൻ. C .P



RDC ചെയർമാൻ

ശ്രീ. വി.പി.ചന്ദ്രൻ



പ്രധാനാദ്ധ്യാപിക

ശ്രീമതി.കൃഷ്ണകുമാരി.കെ

# പത്രാധിപ സമിതി

സ്റ്റാഫ് എഡിറ്റർ: രശ്മി. എം. ഡി

സ്റ്റുഡൻ്റ് എഡിറ്റർമാർ: ഷഹല ജിൻസി

: ഐഷ ലിയ

: അജ്മി

ONE CASTE
ONE RELIGION
ONE GOD

# ഉള്ളടക്കം


- കഥ- ചെന്നായും ആട്ടിൻ കുട്ടിയും ......................................6
- ലേഖനം- ഗാന്ധിജി ......................................7
- ഉദ്ധരണികൾ- ശ്രീനാരായണഗുരു ....................................8
- കവിത- പൂന്തോട്ടം ......................................9
- കടംകഥകൾ .......................................10

## ചെന്നായും ആട്ടിൻ കുട്ടിയും

കൂട്ടം തെറ്റി അലയുകയായിരുന്ന ആട്ടിൻ കുട്ടിയെ കണ്ട ചെന്നായ അതിനെ കൊന്നു തിന്നുവാൻ തീരുമാനിച്ചു.

എന്നാലതിനെ കൊല്ലാൻ ഒരു കാരണം കണ്ടെത്തിയിട്ട് മതി ശാപ്പിടാൻ എന്നു ചെന്നായ് ഉറപ്പിച്ചു.

അവൻ ആട്ടിൻ കുട്ടിയെ സമീപിച്ചു ഇപ്രകാരം പറഞ്ഞു "എടാ കുഞ്ഞേ! കഴിഞ്ഞ വർഷം നീ എന്നെ അപമാനിച്ചില്ലേ?"

ആട്ടിൻ കുട്ടിയാകട്ടെ വ്യസനപ്പെട്ടുകൊണ്ട് മൊഴിഞ്ഞു "ഞാൻ ജനിച്ചിട്ട് മാസങ്ങളേ ആയിട്ടുള്ളൂ. കഴിഞ്ഞ വർഷം ഞാൻ ഉണ്ടായിരുന്നില്ല"

ചെന്നായ് ആരോപണം മാറ്റി "ഞാൻ ഇരപിടിക്കുന്ന മേച്ചിൽ പുറങ്ങളിലാണ് നീ മേയുന്നത് "എന്നായി ചെന്നായ്

"ഇല്ല അങ്ങുന്നേ. ഞാനിതേവരെ പുല്ല് കഴിക്കാറായിട്ടില്ല " ആട്ടിൻ കുട്ടി പറഞ്ഞു

ഞാൻ കുടിക്കുന്ന ഉറവയിൽ നിന്നാണ് നീ കുടിക്കുന്നത് എന്നായി ചെന്നായയുടെ അടുത്ത ആരോപണം"


ഞാനിന്നേവരെ അമ്മയുടെ പാലല്ലാതെ ഒന്നും കുടിച്ചിട്ടില്ല . പാല് മാത്രമാണ് എനിക്കു ഭക്ഷണവും പാനീയവും "ആട്ടിൻ കുട്ടി ഉണർത്തിച്ചു.

ഇതോടെ ആരോപണങ്ങൾ മതിയാക്കിയ ചെന്നായ് ആട്ടിൻ കുട്ടിയെ കൊന്നു ശാപ്പിട്ടു കൊണ്ട് പറഞ്ഞു "എന്റെ ആരോപണങ്ങൾക്കെല്ലാം നിനക്ക് മറുപടിയുണ്ടായിരിക്കാം. എന്നാലിന്നു അത്താഴപ്പട്ടിണി കിടക്കാൻ എനിക്കുദ്ദേശമില്ല"

*ഗുണപാഠം:* **ദ്രോഹികൾക്ക് ഉപദ്രവിക്കാൻ എപ്പോഴും ന്യായങ്ങളുണ്ടാവും**

**ഷഹല ജിൻസി 9 ബി**

# ഗാന്ധിജി



ലോകത്തിനൊരു പാഠപുസ്തകമാണ് ഗാന്ധിജിയുടെ ജീവിതം. വളർന്നുവരുന്ന തലമുറ തീർച്ചയായും അറിഞ്ഞിരിക്കണം അദ്ദേഹം ഉയർത്തിപ്പിടിച്ച മൂല്യങ്ങൾ. ആഗോളതലത്തിൽ ഇത്രയേറെ ആദരിക്കപ്പെടുന്ന ഒരു രാഷ്ട്രീയ നേതാവില്ലെന്ന് നിസ്സംശയം പറയാം. ഒക്ടോബർ രണ്ട് ഗാന്ധിജിയുടെ ജന്മദിനമാണെന്ന് അറിയാമല്ലോ. കലാലയങ്ങളിൽ സേവനപരമായും മറ്റും ഇതാഘോഷിക്കാറുണ്ട്. അത്തരം ആഘോഷങ്ങൾ നടക്ക െട്ടെ. അതോടൊപ്പം ഗാന്ധിജിയുടെ വാക്കുകൾ പ്രവൃത്തികളിൽ പ്രതിഫലിപ്പിക്കാൻ നമുക്ക് ശ്രമിക്കാം.

**മഹാത്മാ ഗാന്ധി ഒറ്റനോട്ടത്തിൽ**

ജനനം: 1869 ഒക്ടോബർ 2

മുഴുവൻ പേര്: മോഹൻദാസ് കരം ചന്ദ് ഗാന്ധി

ജനനസ്ഥലം: പോർബന്തർ, ഗുജറാത

പിതാവ്: കരംചന്ദ് ഗാന്ധി

മാതാവ് പുത്ലിഭായി

ഭാര്യ: കസ്തൂർബ ഗാന്ധി

വിദ്യാഭ്യാസം: നിയമബിരുദം

ജനന ദിവസത്െൻറ പ്രാധാന്യം: ഗാന്ധിജയന്തി, ഇൻററ്നാഷനൽ ഡേ ഓഫ നോൺ വയലർ

മറ്റു പേരുകൾ: ബാപ്പു, മഹാത്മ (Great Soul)


അറിയപ്പെടുന്നത്: ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ അഹിംസയിലൂന്നിയ പുതിയ സമരമുറ

ആതമകഥ: എൻെറ സത്യാന്വേഷണ പരീക്ഷണങ്ങൾ

മരണം: 1948 ജനവരി 30

അരുൺ. 9 എ

# ശ്രീനാരായണഗുരുവിന്റെ ഉദ്ധരണികൾ



- ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവരും
  **സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാമിത്.**
- ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്.
- ജാതി ചോദിക്കരുത്, പറയരുത്, വിചാരിക്കരുത്
- മതമേതായാലും മനുഷ്യൻ നന്നായാൽ മതി.
- മദ്യം വിഷമാണ്; അതുണ്ടാക്കരുത്, കൊടുക്കരുത്, കുടിക്കരുത്.
- വിദ്യകൊണ്ട് സ്വതന്ത്രരാവുക
- അവനവൻ ആത്മ സുഖത്തിനാചരിക്കുന്നവ അപരന് സുഖത്തിനായി വരേണം

അശ്വതി.കെ **8** എ

# പൂന്തോട്ടം

മുറ്റത്തുണ്ടൊരു പൂന്തോട്ടം

മുല്ലപ്പൂവിൻ പൂന്തോട്ടം

സുഗന്ധം വിതറും പൂന്തോട്ടം

പൂമ്പാറ്റകളുടെ പൂന്തോട്ടം

പൂവിൻ സ്വന്തം പൂന്തോട്ടം

എന്റെ സ്വന്തം പൂന്തോട്ടം



**ദേവിക . 9 ബി**

# കടംകഥകൾ

അപ്പംപോലെ തടിയുണ്ട്, അല്പം മാത്രം തലയുണ്ട്- **ആമ.**

അപ്പാട്ടെ പട്ടിക്ക് നാക്കിൽ പല്ല്- **ചിരവ.**

അപ്പാട്ടുണ്ടൊരു കൊട്ടത്തേങ്ങ, ഉക്കിപ്പിടിക്കാൻ **ഞെട്ടില്ല-മുട്ട.**

അടയ്ക്കും തുറക്കും മണിമുത്തിൽ പത്തായം-**കണ്ണ്.**

അടി മദ്ദളം, ഇല ചുക്കിരി, കായ കൊക്കിരി-**പുളിമരം.**

അടിക്കു കൊടുത്താൽ മുടിക്കു കാണാം-**തെങ്ങ്.**

അടിക്ക്വെട്ട്, നടുക്ക് കെട്ട് തലയ്ക്ക് ചവിട്ട്- **നെല്ല്.**

അടയുടെയുള്ളിലൊരു പെരുമ്പട **-തേനീച്ചക്കൂട്.**

അടുക്കള കോവിലിൽ മൂന്ന് ദൈവങ്ങൾ- **അടുപ്പ്.**

അടിയിൽ കിണ്ണം, നടുവിൽ വടി, മേലെ കുട- **ചേന.**

ആയിരം കണ്ണൻ ആറ്റിൽച്ചാടി- **വല.**

ആകാശത്തൊരു പഞ്ഞിക്കിടയ്ക്ക-**മേഘം.**

**ഇർഫാൻ 8 എ**